<u>15 -ാം കേരള നിയമസഭ</u>

<u>11 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4229</u> <u>28-06-2024 - ൽ മറുപടിയ്ക്ക്</u>

<u>പി.എച്ച്.സി.-ചേറ്റുവയൽ-മുണ്ടിയോട്ട് റോഡ് റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ കായക്കൊടി ഗ്രാമപഞ്ചായത്തിലെ ശോചനീയാവസ്ഥയിലുള്ള പി.എച്ച്.സി.-ചേറ്റുവയൽ-മുണ്ടിയോട്ട് റോഡ് റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ? | (എ) | നാദാപുരം മണ്ഡലത്തിലെ കായക്കൊടി ഗ്രാമപഞ്ചായത്തിലെ പി. എച്ച്. സി- ചേറ്റുവയൽ- മുണ്ടിയോട്ട് റോഡ് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച ബഹു: എം.എൽ.എ യുടെ കത്തിന്റെ അടിസ്ഥാനത്തിൽ പി.എം.യു പ്രോജക്ട് ഡയറക്ടർ സ്ഥല പരിശോധന നടത്തി സ്ഥിതി വിവര റിപ്പോർട്ട് തയ്യാറാക്കിയിരുന്നു. എന്നാൽ ടി പ്രവൃത്തി സർക്കാർ അംഗീകരിച്ച ടി പദ്ധതിയുടെ ഫേസ്-1, ഫേസ്-2 ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്തതിനാലും കോഴിക്കോട് ജില്ലയിൽ പി.എം.യു ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടില്ലാത്തതിനാലും മേൽ നടപടി സ്വീകരിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച് പി എം യു പ്രോജക്ട് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കി പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ